സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി.69/17/എസ്

ദേവസ്വം കമ്മീഷണർ ആഫീസ്,
തിരുവനന്തപുരം: 02/08/2017.

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്.

(സാന്നിദ്ധ്യം- സി.പി.രാമരാജ പ്രേമ പ്രസാദ്, ദേവസ്വം കമ്മീഷണർ)

വിഷയം:- കൊല്ലവർഷം 1193-ലെ മാവേലിക്കര ഗ്രൂപ്പിൽ ചെട്ടികുളങ്ങര ദേവസ്വം മേൽശാന്തി നിയമനം സംബന്ധിച്ച്.

സൂചന:- മാവേലിക്കര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 01/08/2017-ലെ 1000 നമ്പർ റിപ്പോർട്ട്.

മാവേലിക്കര ഗ്രൂപ്പിലെ ചെട്ടികുളങ്ങര ദേവസ്വത്തിലെ കൊല്ലവർഷം 1193-ലെ (2017-2018) മേൽശാന്തിയെ (പുറപ്പെടാശാന്തി) തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച് ലഭിച്ച അപേക്ഷകരിൽ നിന്നും ഇന്റർവ്യൂ നടത്തി അവർക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ നറുക്കെടുപ്പിലേക്കായി അഞ്ചു പേരുകളടങ്ങുന്ന ലിസ്റ്റ് പ്രസിദ്ധീകരിക്കുകയുണ്ടായി. അതിൽ അഞ്ചാമതു പേരുകാരനായ തിരുവല്ല ദേവസ്വം ശാന്തി ശ്രീ.എ.എസ്.കേശവൻ നമ്പൂതിരിയെ ശബരിമല ദേവസ്വം ഉൾക്കഴകമായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതിനാൽ അദ്ദേഹത്തിന്റെ പേര് ഒഴി വാക്കി മറ്റ് നാലു ശാന്തിക്കാരുടേയും പേരുകൾ ഉൾപ്പെടുത്തി 01/08/2017-ൽ ചെട്ടികുളങ്ങര ദേവസ്വത്തിൽ വച്ച് നടന്ന നറുക്കെടുപ്പിൽ ഉള്ളൂർ ഗ്രൂപ്പിൽപ്പെട്ട ഉള്ളൂർ ബാലസുബ്രഹ്മണ്യ ക്ഷേത്രം ശാന്തിയായ ശ്രീ.എസ്.എസ്.നാരായണൻ പോറ്റിയെ തെരഞ്ഞെടുക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഉള്ളൂർ ഗ്രൂപ്പിൽപ്പെട്ട ഉള്ളൂർ ബാലസുബ്രഹ്മണ്യ ക്ഷേത്രം ശാന്തിയായ ശ്രീ.എസ്.എസ്. നാരായണൻ പോറ്റിയെ അടുത്ത ഒരു വർഷത്തേയ്ക്ക് (2017-2018) ചെട്ടികുളങ്ങര ദേവസ്വം മേൽശാന്തിയായി (പുറപ്പെടാശാന്തി) 01/09/2017 മുതൽ നിയമിച്ച് ഉത്തരവാകുന്നു.

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

പകർപ്പ്:

1. സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)
2. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, ഹരിപ്പാട്
3. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ- ഉള്ളൂർ, മാവേലിക്കര
4. ഇ.ഡി.പി സെക്ഷൻ
5. സെക്ഷൻ ഫയൽ
6. ഫെയർ ഓഫീസ് കോപ്പി.

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

സ